**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6763** | **11-07-2024 - ൽ മറുപടിയ്ക്ക്**

## കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കാത്തവരുടെ വിവരങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ മതിലകം ഗ്രാമപഞ്ചായത്തിലെ പാപ്പിനിവട്ടം വില്ലേജിൽ താമസിക്കുന്ന പുതിയവീട്ടിൽ മുജീബ്, പാണ്ടപ്പറമ്പത്ത് അഷറഫ്, തിരുവിതാംകോട്ട് ഫാത്തിമ എന്നിവർക്ക് ഇവരുടെ ഭൂമിയുടെ തരവും സ്ഥാനവും സംബന്ധിച്ച വിഷയങ്ങളിലുള്ള വ്യക്തതക്കുറവുമൂലം പട്ടയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് പട്ടയം ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊടുങ്ങല്ലൂർ താലൂക്ക് തിലകം ഗ്രാമപഞ്ചായത്ത് പാപ്പിനിവട്ടം വില്ലേജിലെ 89/3, 89/11 എ എന്നീ സർവ്വെ നമ്പറുകളിലെ കൈവശക്കാരായ ആളുകളുടെ കൈവശ ഭൂമി ബി.ടി.ആർ. പ്രകാരം മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റ് എന്നവരുടെ പേരിൽ പതിഞ്ഞിട്ടുള്ളതും കോഴിക്കോട് മലബാർ ഡിസ്ട്രിക്ട് ബോർഡിൽ നിന്നും 23/06/1961 തീയതിയിലെ G.O.(Ms) 695/61 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 24-12-1961 തീയതിയിൽ മതിലകം ഗ്രാമപഞ്ചായത്ത് കൈമാറിയതായും, റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തം ചെയ്യുന്നതിന് 14/09/2021 തീയതിയിലെ 10/01 നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുള്ളതും റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തം ചെയ്തു ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്. |
| (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കാത്തവരുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ചു നൽകുമോ; ഇവർക്ക് പട്ടയം ലഭിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കാത്തവരുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ചു ചുവടെ ചേർക്കുന്നു. |

| ക്രമനം | ഗ്രാമപഞ്ചായത്ത് | പട്ടയ അപേക്ഷകൾ | ക്രയ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകൾ |
|---|---|---|---|
| 1. | എടത്തിരുത്തി | 12 | 111 |
| 2. | മതിലകം | 6 | 19 |
| 3. | പെരിഞ്ഞനം | 8 | 37 |
| 4. | ഏറിയാട് | 12 | 15 |
| 5. | ശ്രീനാരായണപുരം | 56 | 23 |

| | | | |
|---|---|---|---|
| 6. | കൈപ്പമംഗലം | 0 | 126 |
| 7. | എടവിലങ്ങ് | 0 | 11 |
| | **ആകെ** | **94** | **342** |

ടി അപേക്ഷകളിൽ

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തം ചെയ്തു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2. മറ്റ് വകുപ്പുകളുടെ കീഴിലുള്ള ഭൂമിയ്ക്ക് നിരാക്ഷേപപത്രം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

3. ഏറിയാട് ഗ്രാമപഞ്ചായത്തിലെ അഴിക്കോട് വില്ലേജിലെ 12 അപേക്ഷകർക്ക് ഉടൻ പട്ടയം നൽകുന്നതാണ്.

4. ക്രയസർട്ടിഫിക്കറ്റിനായുള്ള അപേക്ഷകളിൽ രണ്ടോ മൂന്നോ തവണ നോട്ടീസ് നൽകിയിട്ടും ഹാജരാകാത്ത കേസുകളുള്ളതും, ഒരു തവണ കൂടി നോട്ടീസ് നൽകി പരമാവധി അപേക്ഷകൾ തീർപ്പാക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ